"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - തിരുവനന്തപുരം സർക്കാർ അതിഥി മന്ദിരം- കരാറടിസ്ഥാനത്തിൽ കെക്സ്കോൺ മുഖേന നിയോഗിക്കപ്പെട്ടിരിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.341/2024/TSM തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-
1. 04.03.2016-ലെ സ.ഉ.(സാധാ) നം. 140/2016/ടൂറിസം.
2. 19.09.2017-ലെ സ.ഉ.(സാധാ) നം. 436/2017/ടൂറിസം.
3. 13.04.2022-ലെ സ.ഉ.(സാധാ) നം. 91/2022/ടൂറിസം.
4. 25.07.2022-ലെ സ.ഉ.(സാധാ) നം. 227/2022/ടൂറിസം.
5. 12.08.2023-ലെ സ.ഉ.(സാധാ) നം. 406/2023/ടൂറിസം.
6. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 14.05.2024-ലെ DOT/13919/2023-HB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ അതിഥി മന്ദിരത്തിൽ പരാമർശം (1) & (2) ഉത്തരവുകൾ പ്രകാരം സെക്യൂരിറ്റി ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ കെക്സോണിൽ നിന്നും നിയമിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. തുടർന്ന് ടി സെക്യൂരിറ്റി ജീവനക്കാരുടെ കരാർ കാലാവധി പരാമർശം (3), (4) പ്രകാരം 01.05.2020 മുതൽ 30.04.2022 വരെ 2 വർഷത്തേയ്ക്കും, പരാമർശം (4) പ്രകാരം 01.05.2022 മുതൽ 30.04.2023 വരെയും തുടർന്ന് പരാമർശം (5) പ്രകാരം 01.05.2023 മുതൽ 30.04.2024 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. തിരുവനന്തപുരം സർക്കാർ അതിഥി മന്ദിരത്തിൽ അതീവ സുരക്ഷാ പ്രാധാന്യമുള്ള സ്ഥാപനമെന്ന നിലയ്ക്ക് സെക്യൂരിറ്റി സേവനം ഒഴിച്ചുകൂടാൻ പറ്റാത്തതിനാലും, ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനം ഉറപ്പു

വരുത്തുന്നതിനും, ടി സെക്യൂരിറ്റി ജീവനക്കാരുടെ കരാർ കാലാവധി **01.05.2024** മുതൽ **30.04.2025** വരെ വീണ്ടും ദീർഘിപ്പിച്ചു അനുമതി നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം **(6)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ അതിഥി മന്ദിരം അതീവ സുരക്ഷാ പ്രാധാന്യമുള്ള സ്ഥാപനമെന്ന നിലയ്ക്ക് സെക്യൂരിറ്റി സേവനം ഒഴിച്ചുകൂടാൻ പറ്റാത്തതിനാലും ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കെക്സ്കോണുമായി കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ കരാർ കാലാവധി **01.05.2024** മുതൽ **30.04.2025** വരെ ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം സി) വകുപ്പ് [27.06.2024 ലെ EXP-C3/65/2022-FIN[2087097] നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/124/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 12-07-2024 11:20:51
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്